## അനധികൃത മദ്യവിൽപ്പന:
## 250 കുപ്പി മദ്യവുമായി ഒരാൾ പിടിയിൽ

കോവിഡ് രോഗ നിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് മദ്യശാലകൾ അടച്ചിട്ടിരിക്കുകയാൽ തമിഴ്നാട്ടിൽ നിന്നും മദ്യം ഒളിപ്പിച്ചു കൊണ്ട് വന്നു കച്ചവടം നടത്തിവന്നയാളെ 250 കുപ്പി മദ്യവുമായി പോലീസ് പിടികൂടി. വിഴിഞ്ഞം പഴയപള്ളിക്ക് സമീപം തുപ്പാശിക്കുടിയിൽ പുരയിടത്തിൽ എഡ്വിൻ നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് മദ്യം വാങ്ങി അമിത വിലയ്ക്ക് വിൽക്കാൻ വേണ്ടിയാണ് പ്രതി മദ്യം കടത്തിയത്. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയും കാപ്പ നിയമപ്രകാരം ജയിൽശിക്ഷ അനുഭവിച്ചിട്ടുള്ളതുമായ ഇയാളെ കോട്ടപ്പുറം പുതിയ പള്ളിക്ക് സമീപം നിന്നാണ് മദ്യവുമായി അറസ്റ്റ് ചെയ്തത്. വിഴിഞ്ഞം എസ്എച്ച്ഓ രമേഷ്. ജി, എസ് ഐമാരായ രാജേഷ്, ബാലകൃഷ്ണൻആചാരി, മോഹനൻL അലോഷ്യസ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. ലോക്ഡൗണിന്റെ ഭാഗമായി വരും ദിവസങ്ങളിലും ശക്തമായ പരിശോധന ഉണ്ടാകുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.



